Draft #4 of File 50506/AC A4-1/2026/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 26-Oct-2026 02:43 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

B.Arch 2019 Regulations - പരീക്ഷാക്രമക്കേട് (Malpractice) മൂലം സർവകലാശാല പരീക്ഷകൾ റദ്ദാക്കപ്പെടുന്ന വിദ്യാർത്ഥികളുടെ ജൂറി വിഷയങ്ങളുടെ മാർക്കുകൾ carry over ചെയ്യുന്ന വിഷയവുമായി ബന്ധപ്പെട്ട് ചെയർമാൻ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ - ഡീൻ ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി - എന്നിവർ നൽകിയ ശിപാർശ - സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - സ്റ്റുഡന്റ്സ് ഡിസിപ്ലിൻ തീരുമാനം അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 9338/AC A 4/2026/എം.ജി.യു　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 27.10.2026

---

*പരാമർശം:*-1.18.05.2026 തീയതിയിലെ 4937/EI 32/2026/MGU നമ്പർ സർവകലാശാല ഉത്തരവ്

2. ചെയർമാൻ , ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ നൽകിയ ശിപാർശ .

3. ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി നൽകിയ ശിപാർശ.

4. 11.09.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് - സ്റ്റുഡന്റ്സ് ഡിസിപ്ലിൻ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ : 50506/ AC A 4 -1/2026/AC A 4

**ഉത്തരവ്**

മൂവാറ്റുപുഴ, SEED - A P J Abdul Kalam School of Environmental Design ലെ 2024 പ്രവേശനം ബി. ആർക്ക് വിദ്യാർത്ഥിയായ ANZIL MOIDEEN (PRN : 243241910098) മൂന്നാം സെമസ്റ്റർ ബി ആർക്ക് - Regular (December 2025) പരീക്ഷയിൽ ക്രമക്കേട് നടത്തിയതിന്, പരാമർശം (1) സർവകലാശാല ഉത്തരവ് പ്രകാരം ടി വിദ്യാർത്ഥിയുടെ മൂന്നാം സെമസ്റ്റർ December 2025 പരീക്ഷകൾ റദ്ദാക്കുകയും, കൂടാതെ തുടർന്നുള്ള ഒരു Regular/Supplementary പരീക്ഷ അവസരത്തിൽ നിന്ന് വിലക്കുകയും ചെയ്തിരുന്നു.

ബി.ആർക്ക് പ്രോഗ്രാം 2019 റെഗുലേഷൻ പ്രകാരം, ARCHITECTURAL DESIGN (I & II, III to VII and IX SEMESTER) എന്ന വിഷയത്തിന്റെ External Jury/Final Jury എന്നിവ സർവ്വകലാശാല പരീക്ഷ ആണ്. പ്രസ്തുത വിഷയത്തിന് 50 % aggregate mark നേടാതെ പരാജയപ്പെടുന്ന വിദ്യാർത്ഥികൾ, അനുവദനീയമായ make up ജൂറിയിലും പരാജയപ്പെടുന്ന സാഹചര്യത്തിൽ തൊട്ടടുത്ത ജൂനിയർ ബാച്ചിനൊപ്പം കോഴ്സ് ആവർത്തിക്കണമെന്ന് റെഗുലേഷൻ വ്യവസ്ഥ ചെയ്യുന്നു.

റെഗുലർ പരീക്ഷകളിൽ, പരീക്ഷാക്രമക്കേടുകളിൽ ഉൾപ്പെട്ട് അച്ചടക്ക നടപടികളുടെ ഭാഗമായി സർവകലാശാല പരീക്ഷകൾ റദ്ദാക്കപ്പെടുന്ന സാഹചര്യത്തിൽ, ജൂറി വിഷയങ്ങളുടെ External Component-ന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനോടൊപ്പം Architectural Design എന്ന വിഷയത്തിന്റെ രജിസ്ട്രേഷനും റദ്ദാകുന്നതിനാൽ, ബന്ധപ്പെട്ട വിദ്യാർത്ഥികൾ 2019 റെഗുലേഷൻസിലെ വ്യവസ്ഥകൾ പ്രകാരം ജൂനിയർ ബാച്ചിനൊപ്പം കോഴ്സ് ആവർത്തിക്കേണ്ടതുണ്ടോ എന്നും, ജൂറി വിഷയങ്ങളുടെ മാർക്കുകൾ carry over ചെയ്യാൻ അനുവദിക്കാമോ എന്നും സംബന്ധിച്ച് ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ, ഡീൻ, ഫാക്കൽറ്റി ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി എന്നിവരുടെ അഭിപ്രായം തേടിയിരുന്നു .

ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ പരാമർശം (2) പ്രകാരം ചുവടെ ചേർക്കുന്ന ശിപാർശ നൽകുകയുണ്ടായി :

(1) Group II തിയറി വിഷയങ്ങളിൽ മാത്രം മാൽപ്രാക്ടിസ് നടത്തുകയും ജൂറി വിഷയങ്ങളായ Group I(b), Group I(c) ജൂറി വിഷയങ്ങളിൽ വിദ്യാർത്ഥി വിജയിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത ജൂറി വിഷയങ്ങളിലെ മാർക്കുകൾ സപ്ലിമെന്ററി പരീക്ഷയിലേക്ക് Carry Forward ചെയ്യാവുന്നതാണ്.

(2) Group I (a) വിഷയമായ Architectural Design വിജയിച്ചിട്ടുണ്ടെങ്കിൽ വിദ്യാർത്ഥിക്ക് അടുത്ത സെമസ്റ്ററിലേക്ക് പ്രമോഷൻ അനുവദിക്കാം. എന്നാൽ Group II തിയറി വിഷയങ്ങളുടെ രജിസ്ട്രേഷൻ റദ്ദായതിനാൽ അവ ജൂനിയർ ബാച്ചിനൊപ്പം വീണ്ടും പരീക്ഷയെഴുതണം.

(3) ജൂറി വിഷയങ്ങളിൽ മാൽപ്രാക്ടിസ് തെളിഞ്ഞാൽ ബന്ധപ്പെട്ട ജൂറി പരീക്ഷയും, Continuous Assessment മാർക്കും റദ്ദാക്കി ജൂനിയർ ബാച്ചിനൊപ്പം വീണ്ടും ജൂറി പരീക്ഷയ്ക്ക് ഹാജരാകണം.

പരാമർശം (3) പ്രകാരം, മേൽവിഷയത്തിൽ Dean, Faculty of Engineering & Technology താഴെപ്പറയുന്ന ശിപാർശകൾ നൽകിയിരുന്നു .

1. ജൂറി വിഷയങ്ങൾ ഒഴികെയുള്ള പരീക്ഷകളിലെ മാൽപ്രാക്ടിസ് കേസുകളിൽ, മറ്റ് പരീക്ഷകൾ റദ്ദാക്കിയാലും ജൂറി വിഷയങ്ങളിലെ മാർക്കുകൾ Carry Forward ചെയ്യാവുന്നതാണ്.

2. ജൂറി വിഷയങ്ങളിൽ മാൽപ്രാക്ടിസ് തെളിഞ്ഞാൽ പ്രസ്തുത വിഷയങ്ങൾ റദ്ദാക്കി വീണ്ടും രജിസ്റ്റർ ചെയ്ത് ജൂനിയർ ബാച്ചിനൊപ്പം സപ്ലിമെന്ററി ആയി പ്രസ്തുത പരീക്ഷയ്ക്ക് ഹാജരാകണം.

3. സമാന കേസുകൾക്കാകെ ബാധകമായ പൊതുവായ സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

പ്രസ്തുത വിഷയത്തിന്മേൽ ചെയർമാൻ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ, ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി എന്നിവർ നൽകിയ ശിപാർശ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും, പ്രസ്തുത വിഷയത്തിൽ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - സ്റ്റുഡന്റ്സ് ഡിസിപ്ലിൻ പരാമർശം (4) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ശിപാർശ നൽകിയിരിക്കുന്നു .

"ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ആർക്കിടെക്ചർ ചെയർമാൻ ,ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി ഡീൻ എന്നിവരുടെ ശിപാർശകൾ അംഗീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ബി .ആർക്ക് 2019 റെഗുലേഷൻസ് റെഗുലർ പരീക്ഷകളിലെ തിയറി വിഷയങ്ങളിൽ മാൽപ്രാക്ടിസ് നടത്തിയ വിദ്യാർത്ഥികളുടെ ജൂറി വിഷയങ്ങളിലെ മാർക്കുകൾ carry forward ചെയ്യുന്നതുമായി ബന്ധപ്പെട്ട് സമാന കേസുകൾക്കൊക്കെ ബാധകമാകുന്ന തരത്തിൽ പൊതുവായ സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ശിപാർശ ചെയ്തു .

Draft #4 of File 50506/AC A4-1/2026/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 26-Oct-2026 02:43 PM - Page 2

മേൽ ശിപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III , വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചിരിക്കുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലക്ഷ്മി കെ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട ആർക്കിടെക്ചർ കോളേജുകൾ
2. വൈസ് ചാൻസലറുടെ പി എസ്
3. രജിസ്ട്രാർ/പരീക്ഷ കൺട്രോളർ / എഫ് ഓ എന്നിവരുടെ പി എ
4.എ ആർ / ഡി ആർ / ജെ ആർ (പരീക്ഷ /അക്കാദമിക് )
5. എ സി സി I / എ സി സി II സെക്ഷനുകൾ
6. EI 32/IT Cell/AD A 11 സെക്ഷൻ
7 .PRO സെക്ഷൻ /University Website / IQAC
8 .റെക്കോർഡ്സ് സെക്ഷൻ /ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 50506/AC A4-1/2026/AC A 4 Approved by ASSISTANT REGISTRAR I (ACADEMIC) on 26-Oct-2026 02:43 PM - Page 3

The document is digitally approved. Hence signature is not needed.